"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിരുന്ന ഇടുക്കി ജില്ലയിലെ തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (1 MW) അലോട്ട്മെന്റ് റദ്ദാക്കി ഉത്തരവാകുന്നു.

---

**ഊർജ്ജ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.7/2025/POWER തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-
1. സ.ഉ. (കൈ) നം. 23/2014/ഊ.വ., തിയതി 21/07/2014.
2. സ.ഉ. (സാധ) നം. 266/2014/ഊ.വ.തിയതി 24/10/2014.
3. 25/09/2023 -ലെ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) ഡയറക്ടറുടെ EMC/1/2022-ETB-5 നം. കത്ത്.
4. 17/02/2025 -ലെ സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ചീഫ് ഫിനാൻഷ്യൽ ഓഫീസറുടെ CIL/Fin/2024-25/682 നം. കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം 1 മെഗാവാട്ട് സ്ഥാപിത ശേഷിയായുള്ള ഇടുക്കി ജില്ലയിലെ തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി M/s. സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചു നൽകിക്കൊണ്ട് ഉത്തരവായിരുന്നു. പദ്ധതിക്ക് വേണ്ടി പ്രസ്തുത കമ്പനി മുൻകൂർ പ്രീമിയമായി 17,11,111/- രൂപ അടക്കുകയും ചെയ്തു.

2. M/s. സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് 2016 ജൂലൈ 20-ന് TEFR (ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട്) ഇ.എം.സി.ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ, തൂവൽ പ്രദേശത്തെ നാട്ടുകാരുടെ ശക്തമായ എതിർപ്പിനെ തുടർന്ന് M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കാൻ സാധിച്ചില്ല. ആയതിനാൽ നിക്ഷേപകർക്ക് പദ്ധതിയുമായി മുന്നോട്ട് പോകുവാൻ കഴിയില്ല എന്നും, പദ്ധതി നടപ്പിലാക്കുന്നതിന് ടി സംരംഭകർക്ക് നൽകിയിരുന്ന അനുമതി റദ്ദ് ചെയ്ത് തങ്ങൾ അടച്ച മുൻകൂർ പ്രീമിയം തിരികെ നൽകുവാൻ ഇ.എം.സി.യോട് അപേക്ഷിക്കുകയും ചെയ്തു.

3. 2012ലെ ചെറുകിട ജലവൈദ്യുത പദ്ധതി (SHP) നയത്തിലെ വകുപ്പ് 17.11

പ്രകാരമുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിൽ "പദ്ധതി സാങ്കേതികമായോ സാമ്പത്തികമായോ പ്രയോജനപ്രദമല്ല എന്ന് സർക്കാർ തീരുമാനിക്കുന്ന സാഹചര്യത്തിൽ, കമ്പനിയെ ഈ കരാറിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് പിഴയില്ലാതെ ഒഴിവാക്കുന്നത് സർക്കാർ അംഗീകരിക്കും എന്നും ഇത്തരം കരാർ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, സർക്കാർ ഇംപ്ലിമെന്റേഷൻ ഗ്യാരണ്ടിയുടെ 25% ചെലവുകൾക്കായി നിലനിർത്തി, ശേഷിക്കുന്ന 75% തിരികെ നൽകും." എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

4. തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ അലോട്ട്മെന്റ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | സംരംഭകൻ | അടയ്ക്കേണ്ട പ്രീമിയം (തുക രൂപയിൽ) | അടച്ച പ്രീമിയം (തുക രൂപയിൽ) | തിരിച്ചു നൽകേണ്ട തുക - 75% (തുക രൂപയിൽ) |
|---|---|---|---|---|
| 1 മെഗാവാട്ട് തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി | M/s. സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് | 17,11,111/- | 17,11,111/- | 12,83,333.25/- |

5. തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്-ന് സർക്കാർ നൽകിയിരുന്ന അലോട്ട്മെന്റ് റദ്ദുചെയ്യുന്നതിനും ടി സംരംഭകരിൽ നിന്നും ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തുകയായ 12,83,333.25/- രൂപ തിരികെ നൽകുന്നതിനും പരാമർശം (3) പ്രകാരം ഇ എം സി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇടുക്കി ജില്ലയിലെ തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി (1 MW) നടപ്പിലാക്കുന്നതിന് M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്-ന് സർക്കാർ നൽകിയിരുന്ന അലോട്ട്മെന്റ് റദ്ദുചെയ്തുകൊണ്ടും ടി സംരംഭകരിൽ നിന്നും ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തുകയായ 12,83,333.25/- (പന്ത്രണ്ട് ലക്ഷത്തി എൺപത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ ഇരുപത്തിയഞ്ചു പൈസ മാത്രം) രൂപ തിരികെ നൽകുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

**To**

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്‌ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
ഡയറക്ടർ, സിയാൽ ഇൻഫ്രാസ്‌ട്രക്‌ചേഴ്‌സ് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (25/06/2025 ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ അജണ്ട ഇനം നം. 3062 പ്രകാരം)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nazarudeen M
Date: 28-06-2025 15:47:37
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-06-2025

ഫയൽ നം. 221/ബി1/2023/ഊ.വ. ഇനം നം: 3062

വിഷയം : ഊർജ്ജ വകുപ്പ് - M/s.സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിരുന്ന ഇടുക്കി ജില്ലയിലെ തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (1 MW) (Thuval SHEP) അലോട്ട്മെന്റ് റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമർപ്പിച്ച ശിപാർശ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

Pl. put up draft GO immediately
US(B)
26/06/2025
JS

3062

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 221/ബി1/2023/ഊ.വ |
| 2. | വകുപ്പ് | ഊർജ്ജ (ബി) വകുപ്പ് |
| 3. | വിഷയം | M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിരുന്ന ഇടുക്കി ജില്ലയിലെ തുവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (1 MW) (Thuval SHEP) അലോട്ട്മെന്റ് റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമർപ്പിച്ച ശുപാർശ. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/05/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ; | അല്ല<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. പ്രീതി സി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.പുനീത് കുമാർ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.5.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 3.6.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ .കെ.കൃഷ്ണൻകുട്ടി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17/06/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20/06/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിലെ തുവൽ ചെറുകിട ജലവൈദ്യുത പദ്ധതി (1 MW) (Thuval SHEP) നടപ്പിലാക്കുന്നതിന് സർക്കാർ M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിരുന്ന അലോട്ട്മെന്റ് റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ (EMC) ഡയറക്ടർ സമർപ്പിച്ച ശുപാർശ സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. G.O (MS) No. 23/2014/PD dated 21-7-2014, G.O (Rt) No.266/2014/PD dated 24-10-2014 എന്നിവ പ്രകാരം, 1 മെഗാവാട്ട് സ്ഥാപിത ശേഷിയായുള്ള ഇടുക്കി ജില്ലയിലെ തുവൽ ചെറുകിട ജലവൈദ്യുത പദ്ധതി M/s.സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചിരുന്നു. പദ്ധതിക്ക് വേണ്ടി പ്രസ്തുത കമ്പനി മുൻകൂർ പ്രീമിയമായി 17,11,111/- രൂപ അടച്ചിരുന്നു.

3. M/s. സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് 2016 ജൂലൈ 20-ന് TEFR (ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട്) ഇ.എം.സി.ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ, തുവൽ പ്രദേശത്തെ നാട്ടുകാരുടെ ശക്തമായ എതിർപ്പിനെ തുടർന്ന് M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കാൻ സാധിച്ചില്ല. ആയതിനാൽ നിക്ഷേപകർക്ക് പദ്ധതിയുമായി മുന്നോട്ട് പോകുവാൻ കഴിയില്ല എന്നും, പദ്ധതി നടപ്പിലാക്കുന്നതിന് ടി സംരംഭകർക്ക് നൽകിയിരുന്ന അനുമതി റദ്ദ് ചെയ്ത് തങ്ങൾ അടച്ച മുൻകൂർ പ്രീമിയം തിരികെ നൽകുവാൻ ഇ.എം.സി.യോട് അപേക്ഷിക്കുകയും ചെയ്തു.

4. 2012 ലെ ചെറുകിട ജലവൈദ്യുത പദ്ധതി (SHP) നയത്തിലെ വകുപ്പ് 17.11 പ്രകാരമുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിൽ "പദ്ധതി സാങ്കേതികമായോ സാമ്പത്തികമായോ പ്രയോജനപ്രദമല്ല എന്ന് സർക്കാർ തീരുമാനിക്കുന്ന സാഹചര്യത്തിൽ, കമ്പനിയെ ഈ കരാറിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് പിഴയില്ലാതെ ഒഴിവാക്കുന്നത് സർക്കാർ അംഗീകരിക്കും എന്നും ഇത്തരം കരാർ

അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, സർക്കാർ ഇംപ്ലിമെന്റേഷൻ ഗ്യാരണ്ടിയുടെ 25% ചെലവുകൾക്കായി നിലനിർത്തി, ശേഷിക്കുന്ന 75% തിരികെ നൽകും." എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

5. സർക്കാർ പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കാൻ തീരുമാനിക്കുകയാണെങ്കിൽ ഇതു സംബന്ധിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Name of Project | Allottee | Payable Premium (in Rs) | Paid Premium (in Rs) | Repayable amount-75% (in Rs) |
|---|---|---|---|---|
| 1 MW Thuval SHP (Idukki District) | M/s CIAL Infrastructures Ltd. | 17,11,111/- | 17,11,111/- | 12,83,333.25/- |

6. മേൽ സാഹചര്യത്തിലും ടി സംരംഭകരുടെ അപേക്ഷ പരിഗണിച്ചും, ഇടുക്കി ജില്ലയിലെ തുവൽ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് M/s CIAL Infrastructure Ltd.-ന് സർക്കാർ നൽകിയിരുന്ന allotment റദ്ദുചെയ്യുന്നതിനും ടി സംരംഭകരിൽ നിന്നും ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% ആയ **1283333.25/-** രൂപ തിരികെ നൽകുന്നതിനും ഇ എം സി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

7. ഈ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട കാര്യം

ഇടുക്കി ജില്ലയിലെ തുവൽ ചെറുകിട ജലവൈദ്യുത പദ്ധതി (1 MW) നടപ്പിലാക്കുന്നതിന് സർക്കാർ M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചു നൽകിയിരുന്ന അലോട്ട്മെന്റ് റദ്ദാക്കുന്നതിനും ഈ സംരംഭകരിൽ നിന്ന് ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തുകയായ **1283333.25/-** (പന്ത്രണ്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) രൂപ തിരികെ നൽകുവാനുമുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ ശുപാർശ അംഗീകരിക്കാവുന്നതാണോ?.